# സയനോരയുടെ സംഗീ
# വേദന മറന്നും ചിരിച്ചും



...നോർബുദരോഗ ബാധിതരുടെ കൂട്ടായ്മയും
...ഘാടനം ചെയ്ത് സയനോര ഫിലിപ്പ് പാടുന്നു.

തലശേരി: സയനോര ഫിലിപ്പിന്റെ സംഗീതത്തിനൊപ്പം മനസ്ചേർത്തപ്പോൾ ഒരു നിമിഷം അവർ വേദന മറന്നു. ഗിറ്റാറും നാടൻപാട്ടുമായി പിന്നണി ഗായിക സയനോര ഫിലിപ്പ് പകർന്ന ഈണത്തിൽ സങ്കടങ്ങളെല്ലാം മറന്ന് ആ അമ്മമാരും ചിരിച്ചു. ദേശീയ സ്തനാർബുദ ബോധവൽക്കരണ ദിനത്തിൽ മലബാർ ക്യാൻസർസെന്ററിൽ സ്തനാർബുദരോഗ ബാധിതരുടെ കൂട്ടായ്മയും അതിജീവകരുടെ സംഗമവും ഉദ്ഘാടനം ചെയ്യുന്നതിനിടെയാണ് നാടൻപാട്ടുമായി സയനോര സദസിനെ കൈയിലെടുത്തത്.

എംസിസിയിലെ രോഗവിമുക്തരുടെ കൂട്ടായ്മകളായ സ്പന്ദനം, തേജസ്, അമൃതം, സഞ്ജീവനി എന്നിവ സംയുക്തമായാണ് സംഗമം സംഘടിപ്പിച്ചത്. എംസിസി ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യം അധ്യക്ഷനായി. പുഷ്പ ആന്റണി, അബ്ദുൾ അസീസ്, നസീമ എന്നിവർ സംസാരിച്ചു. ഡോ. സൈന സുനിൽകുമാർ സ്വാഗതവും നേഴ്സിങ് സൂപ്രണ്ട് ആനറ്റ് ഫെർണാണ്ടസ് നന്ദിയും

പറഞ്ഞു. എം...
ഷാഇൻസ്റ്റിറ്റ്യൂ...
പുസ്തകം സ...
ഇൻസ്റ്റിറ്റ്യൂട്ട് ...
മാർ പ്രകാശന...

സ്തനാർബു...
ആരംഭം പുറ...
രോഗികളുടെ ...
പാനൽ ചർച്ച...
ബ്രഹ്മണ്യം, ഡോ...
ഷ്യൻ റീന, ...
വർ മറുപടി ...
ഡറേറ്ററായി. ...
കണ്ടെത്തിയാ...
ണെന്ന് ഡോക്...
ഡോക്ടർമാർ ...
പനയിലൂടെ ...
വയ്ക്കൽ ചിക...
മെന്ന് ഡയറക്...

# ...ദ രോഗികളുടെ കണക്കെടുത്ത് എം.സി...
# ...വ്യാധിഷ്ഠിത രജിസ്ട്രി

ട്രി -എം.പി.ബി.സി.ആർ) ആരംഭിച്ചിട്ട് 10 മാസം. 2014 ജനുവരിയിലാണ് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചുമായി സഹകരിച്ച് പുതുതായി രജിസ്റ്റർ ചെയ്യുന്ന കാൻസർ രോഗികളുടെ കണക്കെടുപ്പുമായി ഇന്ത്യയിലെ ഏറ്റവും വലിയ പി.ബി.സി.ആർ ആരംഭിച്ചത്.

കണ്ണൂർ, കാസർകോട്, മാഹി എന്നിവിടങ്ങളിലെ സർക്കാർ-സ്വകാര്യ ആശുപത്രികൾ, മെഡിക്കൽ കോളജുകൾ, ലബോറട്ടറികൾ, പാലിയേറ്റിവ് സെൻററുകൾ എന്നിവിടങ്ങളിൽ നിന്നാണ് വിവര ശേഖരണം. പഞ്ചായത്ത് ഓഫിസുകൾ, നഗരസഭാ ഓഫിസുകൾ എന്നിവിടങ്ങളിൽനിന്ന് പ്രാഥമികമായും ഇൻഫർമേഷൻ കേരളാ മിഷനിൽനിന്ന് നേരിട്ടും മരണ വിവരങ്ങളും ശേഖരിക്കുന്നു. കണ്ണൂർ, കാസർകോട് ജില്ലകളിലെ ജില്ലാ കലക്ടർമാർ ചെയർമാന്മാരായ ഉപദേശക സമിതിയിൽ ലഭിച്ച വിവരങ്ങൾ സമർപ്പിക്കും.

ജനുവരി മുതൽ ജൂൺ വരെ ആറ് മാസത്തെ വിവരങ്ങൾ ഒക്ടോബർ ആദ്യം നടന്ന ഉപദേശക സമിതി യോഗത്തിൽ സമർപ്പിച്ചതായി കോഓഡിനേറ്റർ ഡോ. സൈന സുനിൽ കുമാർ 'മാധ്യമ'ത്തോട് പറഞ്ഞു. ഡിസംബറിൽ ഒരു വർഷം പൂർത്തിയാകുമ്പോൾ കണക്ക് സർക്കാറിന് സമർപ്പിക്കും.

ലഭിച്ച കണക്കുകളിലൂടെ വിവിധ പ്രദേശങ്ങളിലെ രോഗങ്ങളെക്കുറിച്ച് പ്രത്യേകം മനസ്സിലാക്കാനും അതിനനുസരിച്ച് മെഡിക്കൽ ക്യാമ്പ്, ബോധവത്കരണം എന്നിവ നടത്താനും സർക്കാറിന് സാധിക്കും. കാൻസർ കുറച്ചുകൊണ്ടുവരാൻ കാരണമാകുന്ന ഈ വിവരങ്ങൾ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്, ലോകാരോഗ്യ സംഘടന എന്നിവയിലേക്കും എത്തും.

ഓരോ വർഷവും പുതിയ കാൻസർ രോഗികളുടെ വിവരം ശേഖരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യുന്നതിലൂടെ രോഗികളുടെ വർധനവിൻെറ തോതും കൃത്യമായി കണക്കാക്കാൻ എം.പി.ബി.സി.ആർ വഴി സാധിക്കുന്നു.

തിരുവനന്തപുരം കേന്ദ്രീകരിച്ച് പി.ബി.സി.ആർ നടത്തുന്ന റീജനൽ കാൻസർ സെൻറർ, സംസ്ഥാനത്തെ മറ്റ് മെഡിക്കൽ കോളജുകൾ എന്നിവിടങ്ങളിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ച് കൂടുതൽ കൃത്യമായ റിപ്പോർട്ട് ഉണ്ടാക്കാനുള്ള തയാറെടുപ്പിലാണ് എം.സി.സി. ആറ് മാസത്തെ കണക്കുകളിൽ 1247 പേർക്ക് പുതുതായി രോഗം സ്ഥിരീകരിച്ചപ്പോൾ 1299 പേർ അർബുദം മൂ

# അതിജീവനത്തിന്റെ കൂട്ടായ്മ



സ്തനാർബുദ ബോധവൽക്കരണ ദിനാഘോഷത്തോടനുബന്ധിച്ച് കോടിയേരി മലബാർ കാൻസർ സെന്ററിൽ അതിജീവകരുടെ സംഗമം പിന്നണി ഗായിക സയനോര ഫിലിപ്പ് മെഴുക്തിരി തെളിയിച്ച് ഉദ്ഘാടനം ചെയ്യുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ കൃഷ്ണകുമാർ, കാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യം സമീപം.

തലശേരി • പ്രത്യാശയുടെ മെഴുകുതിരി കത്തിച്ചു മലബാർ കാൻസർ സെന്ററിൽ അതിജീവിച്ചരുടെ സംഗമം. ദേശീയ സ്തനാർബുദ ബോധവൽക്കരണ ദിന (പിങ്ക് റിബൺ ഡേ) മായ ഇന്നലെ സെന്ററിലെ ചികിൽസയിലൂടെ രോഗവിമുക്തി നേടിയവരും ചികിൽസയിൽ തുടരുന്നുവരുമായവരുടെ സംഗമം സംഘടിപ്പിച്ചു.

ചലച്ചിത്ര പിന്നണി ഗായിക സയനോര ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. വിവിധതരം കാൻസറുകളിൽ നിന്നു മോചിതരായവരുടെ കൂട്ടായ്മയായ തേജസ്, അമൃതം, സ്പന്ദനം, സഞ്ജീവനി എന്നിവയുടെ നേതൃത്വത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചത്. വേദനയുടെ നാളുകളോടു വിടപറഞ്ഞ അവരിൽ പലരും അനുഭവങ്ങൾ പങ്കുവച്ചു. മലബാർ കാൻസർസെന്റർ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്നു പ്രസിദ്ധീകരിച്ച പുസ്തകം സ്തനാർബുദം ഇൻസ്റ്റിറ്റ്യൂട്ട് ഡപ്യൂട്ടി ഡയറക്ടർ കൃഷ്ണകുമാർ സയനോര ഫിലിപ്പിനു നൽകി പ്രകാശനം ചെയ്തു. ഈ പരിപാടിയിലെ പ്രചാദനം ഉൾക്കൊണ്ടു സ്തനാർബുദ ബോധവൽക്കരണത്തിനായി ആൽബം പുറത്തിറക്കുമെന്ന് സയനോര അറിയിച്ചു. പുസ്തക വിൽപ്പനയിലൂടെ മലബാർ കാൻസർസെന്ററിനു ലഭിക്കുന്ന റോയൽറ്റി മജ്ജ മാറ്റിവയ്ക്കൽ ചികിൽസാ ഫണ്ടിലേക്കു നീക്കിവയ്ക്കുമെന്നു കാൻസർ സെന്റർ ഡയറക്ടർ ഡോ. സതീശൻബാലസുബ്രഹ്മണ്യം അറിയിച്ചു. നഴ്സിങ് സൂപ്രണ്ട് ആനറ്റ് ഫെർണാണ്ടസ് പ്രസംഗിച്ചു.

പാനൽ ചർച്ചയിൽ ഡോ. സതീശൻ ബാലസുബ്രഹ്മണ്യം, ഡോ. ഗീത, ഡോ. സൈന സുനിൽകുമാർ, റീന, രൂപ എന്നിവർ പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകി. എൻ.ആർ. സിന്ധു മോഡറേറ്ററായിരുന്നു.

# കണ്ണൂർ, കാസർകോട് ജില്ലകളിൽ ആറുമാസത്തിനിടെ അർബുദംബാധിച്ച് മരിച്ചത് 1299 പേർ

**തലശ്ശേരി:** കഴിഞ്ഞ ആറുമാസത്തിനിടെ കണ്ണൂർ, കാസർകോട്, മാഹി എന്നിവിടങ്ങളിലായി 1299 പേർ അർബുദം ബാധിച്ച് മരിച്ചതായി കണ്ടെത്തി. കോടിയേരി മലബാർ കാൻസർ സെൻറർ നടത്തിയ ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രർ പ്രകാരമാണിവിവരം.

മരിച്ചവരിൽ 925 പേർ കണ്ണൂർ ജില്ലയിലുള്ളവരാണ്. 371 പേർ കാസർകോട്ടും മൂന്നു പേർ മാഹിയിലുമാണ്. 1247 പേർക്ക് രോഗം സ്ഥിരീകരിച്ചു. പുതുതായി രോഗം ബാധിച്ചവരിൽ 921 പേർ കണ്ണൂർ ജില്ലയിലാണ്. കാസർകോട്ട് 309 രോഗികളും മാഹിയിൽ 17 രോഗികളുമാണുള്ളത്.

ഇതിൽ കണ്ണൂരിൽ 148 പേർ സ്തനാർബുദ രോഗികളാണ്. ശ്വാസകോശത്തിൽ രോഗം ബാധിച്ചവർ 133, ബ്ലഡ്-മജ്ജ 58, വയർ 56, മലാശയം 41, അണ്ഡാശയം 33, തൈറോയ്ഡ് 34, ശബ്ദനാളം 29, അന്നനാളം 28 എന്നിങ്ങനെയാണ് രോഗം ബാധിച്ചവർ. കാസർകോട്ട് ശ്വാസകോശത്തിൽ അസുഖം ബാധിച്ചവരാണ് കൂടുതൽ. 56 പേർ. സ്തനാർബുദം 40, കവിൾ 22, വയർ 15 എന്നിങ്ങനെയാണ് രോഗം ബാധിച്ചവർ.

ജനവരി മുതൽ ജൂൺവരെയുള്ള കണക്കാണിത്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചുമായി സഹകരിച്ച് 2014 ജനവരി മുതലാണ് മലബാർ പോപ്പുലേഷൻ ബേസ്ഡ് കാൻസർ റജിസ്ട്രി എന്ന പേരിൽ കാൻസർ സെൻററിൽ ജനസംഖ്യാധിഷ്ഠിത അർബുദ റജിസ്ട്രിയില്ല.

ഉത്തരമലബാറിലെ സർക്കാർ ആസ്പത്രികൾ, സ്വകാര്യ ആസ്പത്രികൾ, മെഡിക്കൽ കോളേജ്, ലബോറട്ടറികൾ, പാലിയേറ്റീവ് സെൻററുകൾ എന്നിവിടങ്ങളിൽനിന്ന് അർബുദരോഗികളുടെ വിവരങ്ങൾ ശേഖരിച്ചാണ് റജിസ്ട്രിയുടെ പ്രവർത്തനം.


**BSNL MALAPPURAM**

**NOTICE INVITING TENDER**

No.TP/13/1097/MRX/14-15/11 dt.25/10/2014

On behalf of CMD BSNL sealed tenders are invited from experienced contractors having EPF registration for Optical Fibre Cable construction works in Malappuram SSA. Last date for submission of tender is **17/11/2014.** For detailed information please log on to our website www.keralatelecom.com or www.kerala.bsnl.co.in or contact Telephone No. 0483 - 2731515 or 0483-2733720.

AGM P. O/o GMT
BSNL Malappuram

PRO/MRX/14-15/05

**KERALA STATE ELECTRICITY BOARD LTD- TENDER NOTICE**

Office of the Director (Renewable Energy & Planning), Vydyuthi Bhavanam, Pattom, Thiruvananthapuram- 695 004. Ph: +91 471 2447404, 94460 08607.

**No. CECP/INNV/Float SPV/2014-15/EoI/01/19.08.14**

Name of work: Invitation of Expression of Interest (EoI) for Floating Solar Photovoltaic Systems in KSEBL. The following time extension is made in connection with the above notice.

Last date and time for receipt of EoI : 07.11.2014, 3.00 pm.

Date and time of opening of EoI: 07.11.2014, 4.00 pm.

For further details please visit **www.kseb.in**

Sd/-
Director (Renewable Energy & Planning)

PR/MC-1/664/Window/2652/2014

Always Use Energy Efficient Electrical Equipments.

No. Ae/Kcr/Tender/2014-15 Dt. 23/10/2014

**കണിച്ചാർ ഗ്രാമപഞ്ചായത്ത് ടെണ്ടർ പരസ്യം**

2014-15 വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരമുള്ള റോഡ് ടാറിങ്, കെട്ടിടം അറ്റകുറ്റപ്പണി, കിണർ പുനരുദ്ധാരണം തുടങ്ങിയ 20 പ്രവൃത്തികൾ അടങ്കൽ: 74,70,000/-

ടെണ്ടർ ഫോറം വിൽക്കുന്ന അവസാന തിയതി: 5.11.2014 5മണിവരെ

ടെണ്ടർ സ്വീകരിക്കുന്ന അവസാന തിയതി: 10.11.2014 2മണി വരെ

ടെണ്ടർ തുറക്കൽ : 10.11.2014 3മണി

മുദ്രവെച്ച ടെണ്ടർ രജിസ്ട്രേഡ് തപാൽ / ഇന്ത്യാ ഗവൺമെൻറ് സ്പീഡ് പോസ്റ്റ് ആയി മാത്രം സമർപ്പിക്കേണ്ടതാണ്. ടെണ്ടർ പരസ്യത്തിൻെറ പൂർണ്ണരൂപം പഞ്ചായത്താഫീസിലും അസി. എൻജിനിയറുടെ ഓഫീസ്, http://tender.lsgkerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

(ഒപ്പ്), അസി.എൻജിനിയർ, LSGD, കണിച്ചാർ ഗ്രാമപഞ്ചായത്ത്

**CENTRAL PUBLIC WORKS DEPARTMENT**

**NOTICE INVITING e-TENDERS**

The Executive Engineer, Kannur Central Division, CPWD Kannur invites on behalf of the President of India online item rate bids from approved and eligible contractors